# KKMHSS VANDITHAVALAM

# തിലകം

Little Kites @ 21037

# ഉള്ളടക്കം ...


1. കരുന്ന പ്രതിഭകൾ .................................................. 2
2. കെട്ടിപ്പിടിത്തം .................................................. 2
3. ഓ.. എന്റെ സുഹൃത്തേ .................................................. 3
4. നോവിന്റെയേടുകൾ .................................................. 4
5. അയ്യോ ... മദ്യമോ ? .................................................. 5
6. പോളിനേഷൻ .................................................. 6
7. കലോത്സവ നിമിഷങ്ങളിലൂടെ .................................................. 7

# കുരുന്നു പ്രതിഭകൾ

തഴച്ചു വളരുക കുതിച്ചുപൊങ്ങുക
ഭാരതമണ്ണിൻ കുരുന്നുകളെ
നാളത്തെ ഗാന്ധിയും
നാളത്തെ നെഹ്രുവും
നിങ്ങളിലൂടെ വളരുന്നു !
ഉയർന്നു പൊങ്ങുക
വളർന്നു പടരുക
കേരള മണ്ണിൻ കുരുന്നുകളെ !

അപർണ ബി

## കെട്ടിപ്പിടിത്തം

അമ്മയുടെ സ്നേഹമാണ് യഥാർത്ഥ സ്നേഹം.
അമ്മയുടെ സ്നേഹത്തോളം വലുത് മറ്റൊന്നില്ല.
ജനനം മുതൽ മരണം വരെ അമ്മയുടെ
'കെട്ടിപ്പിടിത്തം' അവസാനിക്കില്ല.
വാത്സല്യം തരാൻ അമ്മയ്ക്കു മാത്രമേ പറ്റൂ ..

വിഷ്ണു

## ഓ.. എന്റെ സുഹൃത്തേ

നിന്നെപ്പോലൊരുസുഹൃത്തിനെ
നേടാൻ പ്രയാസമാണ്.
ഹൃദയത്തിന്റെ ആഴങ്ങൾ
തൊട്ടറിഞ്ഞ ഒരാൾ.
മുന്നോട്ട് ചലിക്കാൻ എനിക്കെപ്പോഴും
ശക്തി പകർന്നൊരാൾ.
നിന്റെ കരങ്ങൾ പിടിച്ചാണ്
ജീവിതവീഥിയിലൂടെ സഞ്ചരിച്ചത്.
സാഹചര്യങ്ങൾ പ്രതികൂലമാകുമ്പോൾ
അവിടെയും നീയുണ്ടായിരുന്നു.
പ്രപഞ്ചസ്രഷ്ടാക്കളിൽ നിന്നും
പറഞ്ഞയക്കപ്പെട്ട മാലാഖയാണു നീ.
ഓ.. എന്റെ സുഹൃത്തേ..
വിടപറയേണ്ട സമയം
അതിക്രമിച്ചിരിക്കുന്നു.
കണ്ണുനീർ തോരാതെ പെയ്യുന്നു.
*ഗോപിക.ആർ*

## നോവിന്റെയേടുകൾ

ഇന്നെന്റെ ജിവിതപാഠങ്ങളാണവ.
ഓർമയിലെന്നുമെൻ ജീവിതനാളങ്ങൾ
അണയാതെ അണയാതിരുന്നിടട്ടെ!
പാദസ്മരണയിൽ പാതി വിടർന്നൊരാ
കണ്ണുകളാണിന്നെൻ ജീവിത ഏടുകൾ!
അറിവെന്ന പാലാഴി കാച്ചിക്കുറുക്കി
കൈക്കുമ്പിളിൽത്തന്ന അമൃതമൃതാണു നീ!
നോവെന്ന കയ്പിനെ മധുരമാക്കിത്തന്ന
തേനാണു തേനാണു നീ എൻ മനസ്സിൽ!
കുഞ്ഞിക്കൈയിലെ കുസൃതി കുറുമ്പുകൾ
വെണ്ണയാക്കിത്തന്ന കണ്ണനും നീയേ!
അക്ഷര മുറ്റത്തിലോടിക്കളിക്കുമ്പോൾ
വീഴാതിരിക്കുവാൻ
കൈ നീട്ടിയെന്നച്ഛനായല്ലോ നീ !
ഒടുവിലാ വീടിന്റെ പടിയിറങ്ങുമ്പോൾ
ഒന്നെനിക്കറിയാം
അതാണെൻ ജീവിത തുടിപ്പുകൾ !

സുജിത്ര.ജെ

# അയ്യോ ... മദ്യമോ ?

രമേശൻ എന്നയാൾ പെരുവെമ്പിലാണ് താമസിക്കുന്നത്, ചെറുപ്പക്കാരൻ - നല്ല കറുപ്പാണ് ,

അതിനാൽ എല്ലാരും അയാളെ കളിയാക്കും. രമേശന്റെ ഭാര്യ വസന്തകുമാരി.

മക്കളായ രതിക , രജിത ഇരുവരും നാലാം ക്ലാസ്സിൽ പഠിക്കുന്നു.

വസന്തകുമാരി മിൽമ കമ്പനിയിൽ പണിക്കു പോവുന്നു. രമേശൻ ലോട്ടറി വിറ്റ് നടക്കുകയാണ്.

ഒരു ദിവസം രമേശൻ മിൽമ കമ്പനിയിൽ ചെന്ന് മാനേജറെ ഭീഷണിപ്പെടുത്തി ഭാര്യയുടെ ശമ്പളം വാങ്ങിച്ചു കൊണ്ടു പോയി.

ഇതൊന്നും വസന്തകുമാരി അറിഞ്ഞിരുന്നില്ല.

ശമ്പളദിവസം ചെന്നപ്പോൾ, തന്നെ പിരിച്ചുവിട്ടിരിക്കുന്നു എന്ന ഒറ്റ വാക്കുകൊണ്ട് മാനേജർ പറഞ്ഞുനിർത്തി.

ഇനിയെന്തു ചെയ്യും ? ഈയൊരു ജോലിയുള്ളതുകൊണ്ടായിരുന്നു ഇത്രയും കാലം കുടുംബം മുടങ്ങാതെ മുന്നോട്ടു പോയത്.

പക്ഷേ രമേശൻ ഒന്നും കേൾക്കുന്നില്ല. നിങ്ങളിങ്ങനെ കുടിച്ചു നടന്നാൽ നമ്മുടെ കുട്ടികൾ വഴിയാധാരമാകും, തീർച്ച.

രമേശൻ ബോധമില്ലാതെ എന്തെല്ലാമോ പറഞ്ഞുകൊണ്ടിരിക്കുന്നു.

അപ്പോഴാണ് പോസ്റ്റ്മാൻ അതുവഴി കടന്നുവന്നത്. 'ഇതാ.. ഒരു കത്തുണ്ട്.' വസന്ത കത്ത് പൊട്ടിച്ചു വായിച്ചു.

അത് ഒരു ജപ്തി നോട്ടീസായിരുന്നു.

രണ്ടു മാസത്തിനുള്ളിൽ ലോണടച്ചു തീർത്തില്ലെങ്കിൽ വീട് ജപ്തി ചെയ്യും.

ഈശ്വരാ ഇനിയെന്തു ചെയ്യും ? അപ്പോഴും രമേശൻ ബോധമില്ലാതെ പിച്ചും പേയും പറഞ്ഞുകൊണ്ടിരുന്നു.

പിന്നെ ദിവസം പോയതറിഞ്ഞില്ല. രണ്ടു മാസം എത്ര പെട്ടെന്നാണ് കഴിഞ്ഞുപോയത്?

ബാങ്കുകാർ വീട്ടിലെത്തി. 'നിങ്ങളുടെ അത്യാവശ്യസാധനങ്ങളെല്ലാം എടുത്തോളൂ.. അല്ലെങ്കിൽ ഞങ്ങൾ എടുത്ത് വെളിയിലിടും.'

വസന്ത പൊട്ടിക്കരഞ്ഞു. രമേശനും കരഞ്ഞു. മക്കളും കരഞ്ഞു ; അവധി ചോദിച്ചുകൊണ്ട്.

അതൊന്നും ബാങ്കുകാർ കേട്ടില്ല. രമേശനും കുടുംബവും വീട്ടിനു പുറത്തായി.

ആ സംഭവത്തിനു ശേഷം രമേശൻ പതുക്കെപ്പതുക്കെ മാറിത്തുടങ്ങി.

ദിവസവും പണിക്ക് പോയി. കിട്ടുന്ന പൈസ വസന്തയുടെ കൈയിൽ കൊടുക്കാൻ തുടങ്ങി.

അധികം വൈകാതെ പുതിയൊരു വീടായി. മക്കൾക്ക് സന്തോഷമായി.


പിന്നൊരിക്കലും രമേശൻ മദ്യത്തിന്റെ വഴിയിൽ പോയില്ല. മദ്യമെന്ന് കേട്ടാലേ രമേശന് പേടിയാണ്.

അതിലേറെ വെറുപ്പും.

പുതിയ വീടും പുതിയ ജീവിതവും..

സന്തോഷം നിറഞ്ഞ നിമിഷങ്ങൾ ..

**അനുഗ്രഹ.എം**


How to Pollinate Adeniums
1
Pick a flower that has been open for three to four days.
2
Pull the top petals off with your fingers, knife, scissors or other devices.
3
Remove one piece of the Anther Cone.
4
The pollen is at the apex of the cone.
The stigma(gel cap) looks like a hat. It prevents the pollen to the receptive surface.
The receptive surface is underside of the stigma. which receives the pollen.
5
Then wet the tip of a toothpick and collect pollen grains.
6
This shows the extracted pollen. Which gives a lot of pollen.
7
Place your toothpick near the receptive surface and tap it to drop pollen directly onto it.
8
Pollen pushed to the correct receptive area. pollinated!
9
Prudent to fold the top of the remaining flower petal over, to protect yourwork from direct sun and rain.
Renie Lacerna 2014








SAFEER
VANDITHAVALAM





# നന്ദി..